പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4164 26.06.2013 ലെ മറുപടിക്ക്

## പാറയം കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതിപിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കാടുകുറ്റി പഞ്ചായത്തിലെ പാറയം കോളനിയിൽ സ്വയം പര്യാപ്തഗ്രാമം പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ: | (എ) | പാറയം കോളനിയെ സ്വയം പര്യാപ്തഗ്രാമം ആക്കുന്നതിന്റെ ഭാഗമായി കിറ്റ്കോ എന്ന സർക്കാർ ഏജൻസി തയ്യാറാക്കിയ ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച്ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ഏജൻസിയുമായി ധാരണാപത്രം ഒപ്പിടുകയും ചെയ്തിട്ടുണ്ട്. കൂടാതെ എസ്റ്റിമേറ്റ് തുകയുടെ 25% മുൻകൂർ ആയി ഏജൻസിക്ക് നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം വികസനപ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാറയം കോളനിയിൽ നടപ്പാക്കുന്നത് എന്ന് വിശദമാക്കാമോ? | (ബി) | റോഡ് പുനരുദ്ധാരണം, അംഗൻവാടി കേന്ദ്രത്തിനുള്ള കെട്ടിടം, വീടുകളുടെ അറ്റകുറ്റപ്പണികൾ, കുടിവെള്ള പദ്ധതി തുടങ്ങിയവയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.